**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3709** **09-10-2025 - ൽ മറുപടിയ്ക്ക്**

**പരിയാരം ഗ്രാമപഞ്ചായത്തിലെ വെജിറ്റബിൾ ആൻഡ് ബനാന പാക്ക് ഹൗസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്തിലെ വെജിറ്റബിൾ ആൻഡ് ബനാന പാക്ക് ഹൗസ് ഉദ്ഘാടനം കഴിഞ്ഞിട്ടും തുറന്ന് പ്രവർത്തിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>വി.എഫ്.പി.സി.കെ.-യ്ക്ക് വേണ്ടി തൃശ്ശൂർ ജില്ലയിലെ പരിയാരത്തുള്ള പായ്ക്ക് ഹൗസിന്റെ പൂർത്തീകരിച്ചിരുന്നുവെങ്കിലും നിർമ്മാണപ്രവർത്തനങ്ങൾ ക്രമവൽക്കരിച്ച് പ്രവർത്തനാനുമതി ലഭിക്കുന്നതിനായി കാലാതാമസം നേരിടുകയും, ഇതേ തുടർന്ന് കെട്ടിട നമ്പർ ലഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്. എന്നാൽ താൽകാലിക നമ്പർ ലഭ്യമാക്കുന്നതിന് കെ-സ്വിഫ്റ്റ് പോർട്ടൽ വഴി അപേക്ഷ നൽകുകയും അതിൻ പ്രകാരം പ്രവർത്തിക്കുന്നതിനുള്ള താൽകാലിക നമ്പർ ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. ഇതേ തുടർന്ന് പായ്ക്ക് ഹൗസ് പ്രവർത്തനത്തിന് അത്യാവശ്യം വേണ്ട FSSAI അടക്കമുള്ളലൈസൻസുകൾ ലഭ്യമായിട്ടുണ്ട്. കയറ്റുമതിക്കനുയോജ്യമായ രീതിയിൽ പ്രാഥമിക സംസ്കരണവും പായ്ക്കിങ്ങും ചെയ്ത് കയറ്റുമതിക്കാർക്കും പ്രീമിയം ഉൽപ്പന്നങ്ങളായി ആഭ്യന്തര വിപണിയിൽ ലഭ്യമാക്കുന്നതിനും ആവശ്യമായ പരിശീലന പരിപാടികളും ക്രമീകരിച്ചു വരുന്നു. |
| (ബി) | ഈ പ്രവൃത്തിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കുമോ; | (ബി) | പഴം-പച്ചക്കറികളുടെ പ്രാഥമിക സംസ്കരണം, ഗ്രേഡിംഗ്, സോർട്ടിംഗ്, പായ്ക്കിംഗ്, പ്രീ കൂളിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി കയറ്റുമതിയ്ക്ക് അനുയോജ്യമായ ഉൽപ്പന്നങ്ങൾ ലഭ്യമാക്കി കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തി ഉയർന്ന വരുമാനം ലഭ്യമാക്കുക എന്നാണ് പായ്ക്ക് ഹൗസിന്റെ പ്രധാന ഉദ്ദേശം. |
| (സി) | ഈ പ്രവൃത്തിക്കായി ചെലവഴിച്ച തുകയുടെ വിശദാംശം നൽകുമോ; | (സി) | 234.76 ലക്ഷം രൂപയാണ് അപേഡ ധനസഹായത്തോടെ പദ്ധതിയ്ക്കായി ചെലവഴിച്ചത്. |

| | | | |
|---|---|---|---|
| (ഡി) | ഈ പ്രവൃത്തിക്കായി സ്ഥാപിച്ച ആധുനിക ഉപകരണങ്ങളുടെയും മെഷിനറികളുടെയും വിശദവിവരം ലഭ്യമാക്കുമോ; | (ഡി) | ഉൽപ്പന്നങ്ങൾ തൂക്കുന്നതിനുള്ള ത്രാസ്, പ്രീകൂളിംഗ് ചേമ്പർ, കോൾഡ് സ്റ്റോറേജ്, ജനറേറ്റർ, കൺവേയർ ബെൽറ്റുകൾ തുടങ്ങിയ ഉപകരണങ്ങളും മെഷീനറികളും പായ്ക്ക് ഹൗസിൽ സ്ഥാപിച്ചിട്ടുണ്ട്. |
| (ഇ) | പ്രവർത്തിക്കാത്തതുമൂലം ഇതിനുള്ളിൽ സ്ഥാപിച്ചിട്ടുള്ള ആധുനിക ഉപകരണങ്ങളും മെഷീനറികളും ജനറേറ്ററും ഉപയോഗമില്ലാതെ നശിക്കുകയാണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ഇ) | പായ്ക്ക് ഹൗസിൽ സ്ഥാപിച്ച വിവിധ ഉപകരണങ്ങളും മെഷീനറികളും നിലവിൽ പ്രവർത്തനക്ഷമമാണ്. |
| (എഫ്) | വെജിറ്റബിൾ ആൻഡ് ബനാന പാക്ക് ഹൗസിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ? | (എഫ്) | 2025 ഡിസംബർ മാസത്തോടെ പ്രസ്തുത പായ്ക്ക് ഹൗസ് പ്രവർത്തനക്ഷമമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ